പ്രതിനിധികളുമായി നടന്ന ചർച്ചയെത്തുടർന്നു അംഗീകരിച്ച നടപടിക്കുറിപ്പിൽ ചില തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ വിവിധ കാറ്റഗറിയിലുള്ള മെക്കാനിക്കൽ സ്റ്റാഫിന്റെ പുനർ നിർണ്ണയം എന്നിവയൊഴിച്ചുള്ള എല്ലാതീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പണിമുടക്കിയതിന്റെ പേരിൽ ഒരു തൊഴിലാളിയുടേയും പേരിൽ ശിക്ഷണ നടപടികളും എടുത്തിട്ടില്ല.

(സി) ഒരു തൊഴിലാളിയേയും സസ്പെൻഡ് ചെയ്തിട്ടില്ല.

(ഡി) മുകളിൽ സൂചിപ്പിച്ച ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വിദ്യാലയങ്ങളിലെ കോഴ

* 407 [467] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കണാരൻ:
,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ സ്വകാര്യ വിദ്യാലയ മാനേജുമെന്റിനെ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്;

(സി) കോഴ വാങ്ങുന്ന സ്കൂൾ മാനേജർമാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടക്കുന്ന കോഴ തുടങ്ങിയ ക്രമക്കേടുകളെപ്പറ്റി സമഗ്രമായ ഒരു പഠനവും പരിഹാരവും ഉണ്ടാക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) കേരള വിദ്യാഭ്യാസ നിയമം റൂൾ 7-അദ്ധ്യായം 11 പ്രകാരം എയിഡഡ് സ്കൂൾ മാനേജർമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ദുർഭരണം, അഴിമതി ദുർപ്രവർത്തനം ഗുരുതരമായ കൃത്യവിലോപം ഡിപ്പാർട്ടുമെന്റ് നിർദ്ദേശത്തോട് അനാദരണം എന്നിവയുണ്ടായാൽ അതിനെതിരെ നടപടി സ്വീകരിക്കുവാനും അങ്ങനെയുള്ള മാനേജർമാരെ അയോഗ്യരാക്കുവാനും വ്യവസ്ഥയുണ്ട്. കൂടാതെ 1962-ലെ കേരള ക്രമിനൽ ലാ (ഭേദഗതി) ആക്ട് പ്രകാരം ഗവൺമെന്റിൽനിന്നും എയിഡോ ഗ്രാന്റോ സ്വീകരിക്കുന്നതോ സ്വീകരിച്ചിട്ടുള്ളതോ ആയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജർ അവിടത്തെ അദ്ധ്യാപകർ, ജീവനക്കാർ എന്നിവരെ കേന്ദ്രനിയമങ്ങളായ 1947-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെയും 1860-ലെ ഇന്ത്യൻ പീനൽ കോഡിലെ 161 മുതൽ 165 എ വരെയുള്ള വകുപ്പുകളുടേയും പരിധിക്കുള്ളിൽ കൊണ്ടുവരുകയുണ്ടായി. അങ്ങനെ ഒരു പബ്ലിക് സർവന്റിന്റെ കൈക്കൂലിയും അഴിമതിയും കുറ്റകരമായി ഇരിക്കുന്നതുപോലെതന്നെ സ്കൂൾ മാനേജർമാരുടെ അഴിമതിയും കുറ്റകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഗവൺമെൻറിൽനിന്ന് ലഭിക്കുന്ന പരാതികളെപ്പറ്റി അന്വേഷിക്കുവാൻ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചു. കോഴ വാങ്ങിയതായി തെളിഞ്ഞാൽ സഹകാര്യ അംഗീകൃത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുവാൻ വിദ്യാഭ്യാസ ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തിയിട്ടുണ്ട്. (ജി. ഒ. പി. 145/65/പൊ: വി. വ. തീയതി 14-7-1985)

പ്രീഡിഗ്രിക്ക് പ്രത്യേക പരീക്ഷാ ബോർഡ്

* 408 [468] ശ്രീ. ടി. കെ. ഹംസ

,, സി. വാസുദേവമേനോൻ

,, വി. കേശവൻ

,, സി. കെ. ചക്രപാണി

,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടിനൽകുമോ;

(എ) പ്രീഡിഗ്രി പരീക്ഷക്കുവേണ്ടി പ്രത്യേകം പരീക്ഷാ ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടന എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്.

(ബി) പ്രത്യേകം പരീക്ഷാ ബോർഡ് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതേയുള്ളു. അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി

* 409 [469] ശ്രീ. കെ. ശങ്കരനാരായണപിള്ള:

,, എ. കെ. ശശീന്ദ്രൻ:

,, പി. വിജയദാസ്:

,, കെ. കെ. ബാലകൃഷ്ണൻ: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി ഈടാക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം;

(സി) ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി ഈടാക്കുന്നതു സംബന്ധിച്ച് വില്പനനികുതിവകുപ്പും സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി എന്തെങ്കിലും തർക്കം ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ ഈ തർക്കം പരിഹരിച്ചോ?

LIBRARY ARCHIVES Kerala Legislative Assembly